കൊച്ചിയിലെ ഇരട്ട ഫ്ളാറ്റ് സമുച്ചയം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

തുരുത്തിയിലെ ഇരട്ട ഫ്ളാറ്റിന്റെ ഉദ്ഘാടനം സുബൈദക്ക് താക്കോൽ കൈ മാറി മുഖ്യമന്ത്രി നിർവഹിക്കുന്നു.

മട്ടാഞ്ചേരി: 394 കുടുംബങ്ങൾക്കായുള്ള ഇരട്ട ഫ്ളാറ്റ് സമുച്ചയത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.ആദ്യ താക്കോൽ സുബൈദക്ക് നൽകിയാണ് മുഖ്യമന്ത്രി താക്കോൽ ദാനം നിർവഹിച്ചത്. സംസ്ഥാനത്തിന് തന്നെ നല്ല രീതിയിൽ മാതൃകയാക്കാവുന്ന പദ്ധതിയാണ് കൊച്ചിയിലേതെന്ന് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. രാജ്യത്തെ തന്നെ മാതൃകയാകുന്ന രണ്ട് പുനരധിവാസ പദ്ധതികൾ നഗരസഭ നടപ്പിലാക്കിയപ്പോൾ അതിൽ ഒന്ന് തുരുത്തിയിലെ ഭവന സമുച്ചയമാണ്.

മറ്റൊന്ന് പി.ആൻഡ് ടി കോളനി നിവാസികളുടെ പുനരധിവാസമാണ്.കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപനവും കൈ കോർത്ത് പദ്ധതി നടപ്പിലാക്കിയപ്പോൾ അത് സഹകരണാത്മക ഫെഡറലിസത്തിന്റെ ഉത്തമ മാതൃകയായി മാറി.കിടപ്പാടം ഇല്ലാത്ത ഒരാൾ പോലും സംസ്ഥാനത്ത് ഉണ്ടാകാരുതെന്ന ചിന്തയോടെയാണ് ലൈഫ് മിഷൻ പദ്ധതി ആവിഷ്ക്കരിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ മന്ത്രി എം.ബി രാജേഷ് അധ്യക്ഷത വഹിച്ചു.മന്ത്രി പി.രാജീവ്,കെ.ജെ മാക്സി എം.എൽ.എ,മേയർ എം. അനിൽകുമാർ, ഡെപ്യൂട്ടി മേയർ കെ.എ അൻസിയ, നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ടി.കെ അഷറഫ്, വി.എ ശ്രീജിത്ത്, സി.എ ഷക്കീർ, സീന ഗോകുലൻ, സി.ഡി വത്സല കുമാരി, മുൻ മേയർ സൗമിനി ജയിൻ, കൗൺസിലർമാരായ ആന്റണി കുരീത്തറ, ബെനഡിക്റ്റ് ഫെർണാണ്ടസ് തുടങ്ങിയവർ സംസാരിച്ചു. രണ്ട് ഭവന സമുച്ചയങ്ങളാണ് നിലവിൽ നിർമിച്ചിരിക്കുന്നത്.

ആദ്യത്തെ സമുച്ചയം നഗരസഭയുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും, രണ്ടാമത്തെ സമുച്ചയം നഗരസഭയ്ക്ക് വേണ്ടി കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡുമാണ് നിർമിച്ചിട്ടുള്ളത്. 10796.42 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ, നഗരസഭ നിർമിച്ച ഒന്നാമത്തെ ടവറിന്റെ നിർമാണ ചെലവ് 41.74 കോടി രൂപയാണ്. 11 നിലകളിലായി നിർമിച്ചിട്ടുള്ള ഒന്നാമത്തെ ടവറിൽ 300 ചതുരശ്ര അടി വീതമുള്ള 199 യൂണിറ്റുകളാണ് ഉള്ളത്.

ഓരോ യൂണിറ്റിലും ലിവിങ് ഏരിയ, ഒരു ബെഡ് റൂം, കിച്ചൺ, ബാൽക്കണി, രണ്ട് ടോയ്ലെറ്റുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് 44.01 കോടി രൂപ ചെലവഴിച്ചാണ് രണ്ടാമത്തെ ടവറിന്റെ നിർമാണം പൂർത്തീകരിച്ചിട്ടുള്ളത്. ഒരു പൊതുമുറ്റത്തിന് ചുറ്റുമായി 13 നിലകളിൽ, ആകെ 195 പാർപ്പിട യൂണീറ്റുകളാണുള്ളത്. ഓരോ നിലയിലും 15 യൂണിറ്റ് വീതമുണ്ട്. താഴത്തെ നിലയിൽ 18 കടമുറികളും, പാർക്കിങ് സൗകര്യവുമുണ്ട്.

വൈക്കത്ത് വെച്ചൂർ പശു ഫാം ആരംഭിക്കുന്നു

വൈക്കം: ലോകത്തിലെ ഏറ്റവും ചെറിയ പശുവർഗമെന്നു പേരുകേട്ട വെച്ചൂർ പശുക്കളുടെ സംരക്ഷണ കേന്ദ്രം വൈക്കത്ത് ആരംഭിക്കുന്നു. ഏഴു വർഷമായി ആറാട്ടുകുളങ്ങരയിൽ പ്രവർത്തിക്കുന്ന ആംറോ ഡയറീസ് എന്ന ഗിർ പശു ഫാമിന്റെ പുതിയ സംരഭമായാണ് വെച്ചൂർ പശു സംരക്ഷണ കേന്ദ്രം ആരംഭിക്കുന്നത്. ഇവയുടെ സംരക്ഷണം, പ്രചനനം, ഉൽപന്നങ്ങളുടെ വിതരണം, ഗവേഷണം തുടങ്ങിയവയെല്ലാം ഈ കേന്ദ്രത്തിൽ നടക്കും. ഇതിനാവശ്യമായ സുസജ്ജമായ ലബോറട്ടറി സൗകര്യങ്ങളും ഫാമിലുണ്ട്. കർഷകർക്കും വിദ്യാർഥികൾക്കും നവസംരംഭകർക്കും മാർഗനിർദ്ദേശങ്ങളും മാനേജ്മെന്റ് പരിശീലനങ്ങളും നൽകുന്നതിനായി ആംറോ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനത്തിനും ഇതോടൊപ്പം തുടക്കം കുറിക്കും.

ആറോ ഡയറീസിന്റെ മുന്നൂറോളം ഗിർ പശുക്കളുള്ള അഗ്രി ടൂറിസം ഫാം ഇലഞ്ഞിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എ2 പാൽ, നെയ്യ്, യോഗർട്ട് തുടങ്ങിയവ വിപണിയിൽ ലഭ്യമാണ്. ആംറോ ഡയറീസ് വെച്ചൂർ പശു കൺസർവേഷൻ സെന്ററിന്റെയും ആംറോ സെന്റർ ഓഫ് എക്സലൻസിന്റെയും ഉദ്ഘാടനം 30ന് രാവിലെ 8.30ന് കേന്ദ്ര മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. ആറാട്ടുകുളങ്ങരയിലെ ഫാം സെന്ററിൽ നടക്കുന്ന ചടങ്ങിൽ സി.കെ ആശ എംഎൽഎ, പ്രീത രാജേഷ്, പി.ടി സുഭാഷ്, ഡോ. കെ.എസ് അനിൽ, ഡോ. ആർ രാജീവ്, മുരളീധരൻ നായർ, സീന മുരളീധരൻ, ഡോ. ജയദേവൻ നമ്പൂതിരി, അജിത് ഭാസ്കരൻ നായർ എന്നിവർ പ്രസംഗിക്കും.

കായികമേള ഒക്ടോബർ 11 മുതൽ

കൊച്ചി: ഒക്ടോബർ 11 ന് ആരംഭിക്കുന്ന 22മത് റവന്യൂ ജില്ലാ സ്കൂൾ കായിക മേളയുടെ ലോഗോ ക്ഷണിച്ചു. ഇത് സംബന്ധിച്ച് എറണാകുളം ജില്ലാ വിദ്യഭ്യാസ ഉപ ഡയറക്ടർ സുബിൻ പോൾ ഉത്തരവ് പുറത്തിറക്കി. എറണാകുളം റവന്യൂ ജില്ലയിലെ വിവിധ സ്ക്കൂളുകളിലെ വിദ്യാർഥികളിൽ നിന്നാണ് ലോഗോ ക്ഷണിച്ചിട്ടുള്ളത്. ഒക്ടോബർ മൂന്ന് വൈകുന്നേരം അഞ്ച് വരെ meladde2024@gmail.com എന്ന മെയിൽ അഡ്രസിൽ ലോഗോ അയക്കാം. വിശദ വിവരങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുള്ള ഉത്തരവിലുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ലോഗോക്ക് മേളയുടെ സമാപന സമ്മേളനത്തിൽ സമ്മാനം നൽകും. എറണാകുളം മഹാരാജാസ് കോളജിൽ ഒക്ടോബർ 11,12,13 തിയതികളിൽ ട്രാക്ക് ഇനത്തിലും കോതമംഗലം എം. എ. കോളജിൽ 14,15 തിയതികളിൽ ത്രോ ഇനത്തിലും മത്സരം നടക്കും.

വന്യമൃഗശല്യത്തിനെതിരേ പ്രതിഷേധസദസ്

കോതമംഗലം: കോതമംഗലം മേഖലയിലെ വർദ്ധിച്ചുവരുന്ന വന്യമൃഗശല്യത്തിനെതിരെ പ്രതിഷേധ സദസ്സ് നടത്തി സാമൂഹ്യ സംഘടന ഗ്രീൻവിഷൻ കേരള. ചേലാട് ജംഗ്ഷനിൽ നടന്ന സമ്മേളനം ഓൾ കേരള കാത്തലിക് കോൺഗ്രസ്സ് കോതമംഗലം രൂപത പ്രസിഡന്റ് സണ്ണി കടുത്താഴെ ഉദ്ഘാടനം ചെയ്തു.

വന്യമൃഗങ്ങൾ കാടുവിട്ട് നാട്ടിലേക്കിറക്കുന്നത് തടയാൻ സർക്കാർ സത്വര നടപടികൾ സ്വീകരിക്കണമെന്നും മനുഷ്യരുടെ സ്വത്തിനും ജീവനും കൃഷിക്കും സംരക്ഷണം നൽകാൻ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കോതമംഗലം മേഖല വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമായി മറുന്നതിൽ ആശങ്കയുണ്ടെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ചു കൊണ്ട് ഗ്രീൻവിഷൻ കേരള സംസ്ഥാന ട്രഷറർ ജിജി പുളിക്കൽ പറഞ്ഞു. വന്യമൃഗശല്യത്തിനെതിരെ നിരന്തരം പോരാട്ടങ്ങൾ നടത്താനും കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കാനും ഗ്രീൻ വിഷൻ കേരള എന്നും ഒപ്പമുണ്ടാകുമെന്നും അദ്ദേഹം കൂട്ടിചേർത്തു.

ബ്ലോക്ക്പഞ്ചായത്ത് മെമ്പറും ഗ്രീൻവിഷൻ കേരള സംസ്ഥാന വൈസ് പ്രസിഡന്റുമായ ജെയിംസ് കോറമ്പേൽ മുഖ്യപ്രഭാഷണം നടത്തി. മാത്യുസ് നിരവത്ത് ആമുഖ പ്രഭാഷണം നടത്തി. ബിജു വെട്ടിക്കുഴ, ജോയി പടയാട്ടിൽ, വിജോയി പുളിക്കൽ, എ സി രാജശേഖരൻ, റെജി ജോർജ്, സജി തെക്കേക്കര എന്നിവർ പ്രസംഗിച്ചു. ജോൺസൻ കറുകപിള്ളിൽ സ്വാഗതവും ജോസഫ് ആന്റണി നന്ദിയും പറഞ്ഞു.

സീപോർട്ട് - എയർപോർട്ട് റോഡ്

രണ്ടാംഘട്ട നിർമാണത്തിന് ടെണ്ടർ ഉടൻ

കളമശേരി: സീപോർട്ട്- എയർപോർട്ട് റോഡിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുന്ന എച്ച് എം.ടി മുതൽ എൻ.എ.ഡി വരെയുള്ള ഭാഗത്തെ റോഡ് നിർമ്മാണത്തിനുള്ള 17.31 കോടി രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സാങ്കേതികാനുമതി കൂടി ലഭ്യമാക്കി ഈ ഭാഗത്തിന്റെ ടെണ്ടർ ഉടനെ നടത്താൻ വ്യവസായ മന്ത്രി പി. രാജീവ് വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ തീരുമാനിച്ചു. എച്ച് എം.ടി ഭാഗത്ത് 45 മീറ്റർ വീതിയിൽ 600 മീറ്റർ നീളത്തിലാണ് റോഡ് നിർമ്മിക്കുക. ഭൂമിക്കുള്ള വില സുപ്രീം കോടതി നിർദ്ദേശപ്രകാരം ബാങ്കിൽ നിക്ഷേപിച്ചു കഴിഞ്ഞു. ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കി വരികയാണ്. എച്ച്. എം.ടിയുടെ 215 ഹെക്ടർ ഭൂമിയിൽ നിന്ന് നിർമ്മാണ സ്ഥലത്തെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്ന നടപടിയും ഉടൻ പൂർത്തിയാക്കും.

എൻ.എ.ഡിയുടെ ഭാഗത്തെ റോഡ് നിർമ്മാണത്തിനായുള്ള നടപടികളും ത്വരിതപ്പെടുത്തും. എൻ.എ.ഡിക്ക് നൽകേണ്ട 32. 26 കോടി രൂപ സർക്കാർ നേരത്തെ അനുവദിച്ചിരുന്നു. ഈ ഭാഗത്തെ സ്കെച്ച് നേരത്തെ തയ്യാറാക്കിയതിനാൽ തുടർ നടപടികൾക്ക് കാലതാമസമുണ്ടാവില്ല. ഇതോടൊപ്പം വീതി കൂട്ടി നിർമ്മിക്കുന്ന എൻ.എ.ഡി തൊരപ്പ് റോഡിന്റെ ടെണ്ടറും ഉടനുണ്ടാകും.

എൻ.എ.ഡി-മഹിളാലയം ഭാഗത്തിന്റെ ടെണ്ടർ ഡിസംബറിൽ പുറപ്പെടുവിക്കും. 6.5 കി.മീറ്റർ ദൈർഘ്യമുള്ള ഈ ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരണത്തിലേക്ക് എത്തുകയാണ്. ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിന് 569.34 കോടി രൂപ കിഫ്ബി നേരത്തെ അനുവദിച്ചിരുന്നു. 529 കൈവശവസ്തുക്കളിൽ 210 അവാർഡുകൾ പാസാക്കിയിരുന്നു. 182 ഡ്രാഫ്റ്റ് അവാർഡുകൾ കൂടി സമർപ്പിക്കാനുണ്ട്. ഇതിൽ 122 അവാർഡുകൾ ഒരാഴ്ചക്കുള്ളിൽ നൽകും. ഏറ്റെടുത്ത ഭൂമിയിലെ 90 ശതമാനം അവാർഡുകളും ഡിസംബറിൽ പൂർത്തിയാക്കും. ഇതിനുശേഷം ടെണ്ടറിലേക്ക് കടക്കും. ജില്ലാ കലക്ടർ ജി. പ്രിയങ്ക, റവന്യൂ, കിഫ്ബി, ആർ.ബി. ഡി.സി.കെ ഉദ്യോഗസ്ഥർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

മെഡിക്കൽ ക്യാംപ് നടത്തി

വൈക്കം: വല്ലകം ശ്രീകൃഷ്ണ ആയുർവേദ ചികിത്സാ കേന്ദ്രവും, വൈക്കം റോട്ടറി ക്ലബ്ബും, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇൻഡ്യയും ചേർന്ന് സൗജന്യ ആയുർവേദ ചികിത്സാക്യാംപ് സംഘടിപ്പിച്ചു. സി.കെ ആശ എംഎൽഎ ഉദ്ഘാടനം ചെയ്തു. ആധുനിക രോഗ ചികിത്സ രംഗത്ത് ആയുർവേദത്തിന്റെ പ്രസക്തിയെക്കുറിച്ച് ചീഫ് ഫിസിഷ്യൻ ഡോ. വിജിത്ത് ശശിധർ ക്ലാസ് എടുത്തു. ഉദയനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ ആനന്ദവല്ലി അധ്യക്ഷത വഹിച്ചു, റോട്ടറി ക്ലബ്ബ് പ്രസിഡന്റ് നിമ്മി ജെയിംസ് സെക്രട്ടറി ജെസി ജോഷി, ഇ.കെ ലൂക്ക്, ജെയിംസ് പാലയ്ക്കൽ, അഡ്വ. കെ.പി ശിവജി, എസ്.ഡി സുരേഷ് ബാബു, ഷിജോ മാത്യു, രാജു തോമസ്, സജിത്ത് സുഗതൻ, ഡോ. വിദ്യാ വിജിത്ത് എന്നിവർ പ്രസംഗിച്ചു.

ലോറിയിൽ നിന്ന് വീണ ചെളിയിൽ തെന്നിവീണ് യാത്രക്കാർക്ക് പരുക്ക്

പള്ളുരുത്തി: ഇടക്കൊച്ചിയിൽ ലോറിയിൽ കൊണ്ടു പോകുകയായിരുന്ന കട്ടിയായ ചെളി റോഡിലേക്ക് തെറിച്ചു വീണ് വാഹന യാത്രികരായ നിരവധി പേർക്ക് പരിക്ക്. ഇടക്കൊച്ചി കണ്ണങ്ങാട്ട് ക്ഷേത്രത്തിനു സമീപമുള്ള റോഡിൽ വൈകിട്ട് അഞ്ചര മണിയോടെയാണ് സംഭവം.

വലിയ ടോറസ് ലോറിയിൽ ഉണ്ടായിരുന്ന ചെളി ഡോർ ലോക്ക് ചെയ്യാതിരുന്നതിനെ തുടർന്ന് ലോറിയിലുണ്ടായിരുന്ന ചെളി റോഡിലേക്ക് തെറിച്ചു വീണത്. ഏതാണ്ട് 200 മീറ്ററോളം ചെളി റോഡിൽ മുഴുവനായും നിരന്നു കിടന്നു. ചെളി വീണതിനെ തുടർന്ന് വാഹനങ്ങൾ വഴി തിരിച്ചു വിടുന്നതിന് നാട്ടുകാർ ശ്രമിച്ചെങ്കിലും അത് വക വെക്കാതെ യാത്ര ചെയ്ത പല ഇരുചക്രവാഹന യാത്രകർക്കും റോഡിൽ തെന്നി വീണ് പരിക്കേറ്റു.ചെളി നീക്കാൻ താമസിച്ചതിനാൽ ഇതു വഴിയുള്ള ഗതാഗതം മണിക്കൂറുകളോളം തടസപ്പെട്ടു. വാർഡ് കൗൺസിലർ ജീജ ടെൻസൻ അറിയിച്ചതിനെ തുടർന്ന് ഫയർ ഫോഴ്സ് എത്തിയെങ്കിലും വെള്ളം ഉപയോഗിച്ച് മാറ്റുവാൻ സാധിക്കാത്ത ഉറച്ച നിലയിലുള്ള ചെളിയായതിനാൽ ഒന്നും ചെയ്യാനാകാതെ ഫയർ ഫോഴ്സ് മടങ്ങി.

തുടർന്ന് വാഹന ഉടമയെ കൗൺസിലർ വിളിച്ചു വരുത്തി. വാഹന ഉടമ ജെസിബിയും ജോലിക്കാരെയും എത്തിച്ച് മണിക്കൂറുകൾ എടുത്താണ് റോഡിൽ നിന്ന് ചെളി നീക്കം ചെയ്തത്. ഇതിനിടെ മഴ പെയ്തതിനെ തുടർന്ന് സമീപത്തെ വീടുകളിലേക്കും ചെളി ഒഴുകിയെത്തി.

കോതമംഗലം ചെറിയപള്ളിയും പരിസരങ്ങളും ദീപപ്രഭയിൽ

കോതമംഗലം മാർ തോമ ചെറിയ പള്ളി ദീപപ്രഭയിൽ

കോതമംഗലം : മാർ ബസേലിയോസ് ബാവാ കബറടങ്ങിയിരിക്കുന്ന സർവ്വ മത തീർത്ഥാടന കേന്ദ്രമായ കോതമംഗലം മാർ തോമ ചെറിയ പള്ളിയിലെ കന്നി 20 പെരുന്നാളിന് മാറ്റ് കൂട്ടാൻ പള്ളിയും പരിസരങ്ങളും വൈദ്യുത ദീപാലങ്കാരത്താൽ പ്രഭാപൂരിതമായി. സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച വരെ നീണ്ടു നിൽക്കുന്ന ദീപാലങ്കാരത്തിന്റെ സ്വിച്ച് ഓൺ കർമ്മം കോതമംഗലം മേഖല മെത്രാപ്പോലീത്ത അഭി. ഏലിയാസ് മോർ യൂലിയോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ ഇടുക്കി എംപി അഡ്വ ക്കേറ്റ് ഡീൻ കുര്യാക്കോസ് നിർവഹിച്ചു. കോതമംഗലം എംഎൽഎ ആന്റണി ജോൺ, തഹസിൽദാർ അനിൽ, കോതമംഗലം സർക്കിൾ ഇൻസ്പെക്ടർ ബിജോയ് പി ടി, ഷിബു തെക്കുംപുറം എന്നിവർ പങ്കെടുത്തു.

ചടങ്ങുകൾക്ക് വികാരി ഫാ. ജോസ് മാത്യു തച്ചേത്തുകുടി, സഹവികാരിമാർ, തന്നാണ്ട് ട്രസ്റ്റിമാരായ കെ.കെ. ജോസഫ്, എബി ചേലാട്ട്, വർക്കിങ് കമ്മിറ്റിയംഗ ങ്ങൾ, മാനേജിങ് കമ്മിറ്റിയംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. ദീപാലങ്കാര വിസ്മയം കാണുവാൻ നൂറ് കണക്കിന് വിശ്വാസികളും എത്തിയിരുന്നു.

ശനിയാഴ്ച നടന്ന വിശുദ്ധ അഞ്ചിന്മേൽ കുർബാനയ്ക്ക് യാക്കോബായ സുറിയാനി സഭയുടെ സെമിനാരി റെസിഡന്റ് മെത്രാപ്പോലീത്ത അഭി. ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് പ്രധാന കാർമ്മികത്വം വഹിച്ചു.

ക്ഷേത്രങ്ങളിൽ നവരാത്രി ആഘോഷം

കോതമംഗലം: പാറത്തോട്ടുകാവ് ഭഗവതി ക്ഷേത്രത്തിൽ ഇന്ന് രാത്രി 7നു പൂജവയ്പ്. ഒക്ടോബർ 2നു രാവിലെ 8നു വിദ്യാരംഭം.ഇലവനാട് ഏഴാംതറ ദുർഗാദേവി ക്ഷേത്രത്തിൽ ഇന്ന് വൈകി ട്ട് 6.30നു പൂജവയ്പ്, 7.15ന് അത്താഴപൂജ. 30നും ഒന്നിനും വൈകിട്ട് 6.30നു സരസ്വതീപൂജ, 7.15ന് അത്താഴപൂജ. 2നു രാവിലെ 6നു ഗണപതിഹോമം, 8നു പൂജയെടുപ്പ്, വിദ്യാരംഭം, വാഹനപൂജ. കീരംപാറ വെളയിക്കാട്ട് ഭഗവതി ക്ഷേത്രത്തിൽ ഇന്ന് വൈകിട്ടു പൂജവയ്പ്, 2നു രാവിലെ പൂജയെടുപ്പ്, വിദ്യാരംഭം.

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

TATA

ടവർ എ, 11-ാം നില, പെനിൻസുല ബിസിനസ് പാർക്ക്, ഗണപത്രാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ, മഹാരാഷ്ട്ര-400013, ബ്രാഞ്ച് വിലാസം: ഒന്നാം നില, പുത്തൂരാൻ പ്ലാസ, കെപിസിസി ജംഗ്ഷൻ, എംജി റോഡ്, കൊച്ചി, കേരളം- 682011

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വ്യവസ്ഥ ചേർത്തു വായന പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

ലോൺ അക്കൗണ്ട് നമ്പർ. TCFLA0470000011807556: മിസ്റ്റർ ശ്രജിൽ മുനീർ പി കെ

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് (TCL) ഒരു ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയാണെന്നും 1956 ലെ കമ്പനി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംയോജിപ്പിച്ചിട്ടുണ്ടെന്നും പെനിൻസുല ബിസിനസ് പാർക്ക്, ടവർ എ, 11-ാം നില, ഗണപത്രാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ- 400013 എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്ത ഓഫീസും കേരളത്തിലെ കൊച്ചിയിൽ ('ബ്രാഞ്ച്') മറ്റ് സ്ഥലങ്ങൾക്കൊപ്പം ഒരു ബ്രാഞ്ച് ഓഫീസും ഉണ്ടെന്നും അറിയിക്കുന്നതിനാണിത്. 2023 നവംബർ 24-ലെ ഉത്തരവുകൾ പ്രകാരം, നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ (NCLT) മുംബൈ ടാറ്റ ക്യാപിറ്റൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും ('TCFSL') ടാറ്റ ക്ലീൻടെക് ക്യാപിറ്റൽ ലിമിറ്റഡും ('TCCL') ട്രാൻസ്ഫറർമാരായും ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് ('TCL') ട്രാൻസ്ഫറിയായും തമ്മിലുള്ള സ്കീം ഓഫ് അറേഞ്ച്മെന്റ് അംഗീകരിച്ചു. സെക്ഷൻ 230 മുതൽ 232 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകളും 2013 ലെ കമ്പനി ആക്ടിലെ ('പ്രസ്താവിച്ച സ്കീം') മറ്റ് ബാധകമായ വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, TCFSL ഉം TCCL ഉം (ട്രാൻസ്ഫറർ കമ്പനികൾ) അതിന്റെ സ്ഥാപനവും 01.01.2024 മുതൽ എല്ലാ സ്വത്തുക്കൾ, ആസ്തികൾ, അവകാശങ്ങൾ, ആനുകൂല്യങ്ങൾ, പലിശ, കടമകൾ, ബാധ്യതകൾ, ബാധ്യതകൾ, കരാറുകൾ, കരാറുകൾ, സെക്യൂരിറ്റികൾ മുതലായവയുമായി TCL-ൽ ഒരു തുടർ കമ്പനിയായി ലയിച്ചു. പ്രസ്തുത ഉത്തരവിന്റെയും പദ്ധതിയുടെയും അടിസ്ഥാനത്തിൽ, TCFSL നടപ്പിലാക്കിയ എല്ലാ സൗകര്യ രേഖകളും അതുമായി ബന്ധപ്പെട്ട എല്ലാ കുടിശ്ശികയും അപേക്ഷക കമ്പനിക്ക് കൈമാറി, അതിനാൽ TCL (വായ്പക്കാരിൽ നിന്നും/സഹ-വായ്പക്കാരിൽ നിന്നും) അത് അവകാശപ്പെടാൻ അർഹതയുണ്ട്.

താഴെ വിവരിച്ചിരിക്കുന്ന ടാറ്റാ ക്യാപിറ്റൽ ലിമിറ്റഡിന് (സെക്യേർഡ് ക്രെഡിറ്റർ/ടിസിഎൽ) പണയപ്പെടുത്തിയിരിക്കുന്ന സ്ഥാവര സ്വത്ത്, ടാറ്റാ ക്യാപിറ്റൽ ലിമിറ്റഡിന്റെ (സെക്യേർഡ് ക്രെഡിറ്റർ) അംഗീകൃത ഉദ്യോഗസ്ഥൻ ഏറ്റെടുത്തിരിക്കുന്നതിനാൽ, 2025 ഒക്ടോബർ 30-ാം തീയതി 'ഉള്ളതും ഉള്ളതും ഉള്ളതുപോലെ & റീക്കോഴ്സ് ഇല്ലാതെ' വിൽക്കുമെന്ന് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് താഴെ പറയുന്ന വായ്പക്കാരൻ/സഹ-വായ്പക്കാരൻ എന്നിവർക്ക് ഇതിനാൽ അറിയിപ്പ് നൽകുന്നു.

എന്തെന്നാൽ, ലോൺ അക്കൗണ്ട് നമ്പർ TCFLA0470000011807556 ലെ സെക്യേർഡ് വായ്പയുടെ 2025 സെപ്റ്റംബർ 25 വരെയുള്ള കുടിശ്ശിക രൂപ 45,32,290/- (രൂപ നാൽപ്പത്തഞ്ചു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഇരുനൂറ്റി തൊണ്ണൂറ് മാത്രം) വായ്പക്കാർ, സഹ-വായ്പക്കാർ/ ഗ്യാരന്റർമാർ, അതായത് (1) മിസ്റ്റർ ശ്രജിൽ മുനീർ പി കെ, S/o കുഞ്ഞുമുഹമ്മദ്, ഒഴുക്കുചാലിൽ, എല്ലൂക്കര, കടുങ്ങല്ലൂർ, എറണാകുളം- 683110; (2) മിസ്റ്റർ ശ്രജിൽ മുനീർ പി കെ, എസ് കെ ട്രേഡേഴ്സ്, കടുങ്ങല്ലൂർ, X/114, ക്യു, വെസ്റ്റ് കടുങ്ങല്ലൂർ, കടുങ്ങല്ലൂർ, ആലുവ, എറണാകുളം-683110, (3) മിസിസ് സിനത്ത്, W/o മിസ്റ്റർ ശ്രജിൽ മുനീർ പി കെ, ഒഴുക്കുചാലിൽ, എല്ലൂക്കര, കടുങ്ങല്ലൂർ, എറണാകുളം- 683110, (4) മെസേഴ്സ് എസ് കെ ട്രേഡേഴ്സ്, പ്രതിനിധീകരിക്കുന്നത് അതിന്റെ പ്രൊപ്രൈറ്റർ മിസ്റ്റർ ശ്രജിൽ മുനീർ പി കെ, കടുങ്ങല്ലൂർ, X/114 ക്യു, വെസ്റ്റ് കടുങ്ങല്ലൂർ, കടുങ്ങല്ലൂർ, ആലുവ, എറണാകുളം-683110 എന്നിവരിൽ നിന്നു തിരിച്ചുപിടിക്കുന്നതിന് ജാമ്യവസ്തുവിന്റെ വിൽപ്പന നടത്തേണ്ടി വന്നിരിക്കുകയാണ്.

വിൽപ്പന നീട്ടിവയ്ക്കുക/ ഉപേക്ഷിക്കുക ചെയ്യാത്തപക്ഷം നിശ്ചിത പ്രോപ്പർട്ടി 2025 ഒക്ടോബർ 30 തീയതിയിൽ 2.00 പിഎമ്മിന് ഒന്നാം നില, പുത്തൂരാൻ പ്ലാസ, കെപിസിസി ജംക്ഷൻ, എംജി റോഡ്, കൊച്ചി, കേരള-682011 വിലാസത്തിൽ ബ്രാഞ്ച് ഓഫീസ് ഉള്ള ടിസിഎൽ, ഇ-ലേലം മുഖേന വിൽപ്പന നടത്തുന്നതാണെന്ന് ഇതിനാൽ നോട്ടീസ് നൽകുന്നു.

പ്രോപ്പർട്ടി വാങ്ങുന്നതിനുള്ള മുദ്രവച്ച ഇ-ലേല രേഖകൾ ഇഎംഡി ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം ടാറ്റ ക്യാപ്പിറ്റൽ ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ 2025 ഒക്ടോബർ 29ന് 5.00 പിഎം വരെ സ്വീകരിക്കുന്നതാണ്.

സെക്യേർഡ് അസറ്റിന്റെ വിശദാംശങ്ങൾ	ടൈപ്പ് ഓഫ് പൊസഷൻ കൺസ്ട്രക്റ്റീവ്/ ഫിസിക്കൽ	റിസർവ് പ്രൈസ് (രൂപ)	എണസ്റ്റ് മണി ഇഎംഡി (രൂപ)
സർവെ നമ്പർ 217/3സി, 217/3സി/9 എന്ന് സബ്ഡിവൈഡ് ചെയ്തതിൽ 03.24 ആർ അളവുവരുന്ന ഭൂമി, കടുങ്ങല്ലൂർ വില്ലേജ്, പറവൂർ താലൂക്ക്, 9/406 (വാർഡ് നമ്പർ 3/551 ബി) നമ്പരുള്ള അതിലെ കെട്ടിടം സഹിതം, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ, ആലങ്ങാട് സബ് രജിസ്ട്രേഷൻ ജില്ലയുടെ പരിധിയിൽ, എറണാകുളം രജിസ്ട്രേഷൻ ജില്ലയിൽ, അതിർത്തികൾ: ലൊക്കേഷൻ സ്കെച്ച് വിത്ത് സർട്ടിഫിക്കറ്റ് പ്രകാരം: വടക്ക്: സുധീറിന്റെ പ്രോപ്പർട്ടി, കിഴക്ക്: സുലേഖ, സുബ്രഹ്മണ്യൻ & മറ്റുള്ളവരുടെ പ്രോപ്പർട്ടി, തെക്ക്: നടവഴി, പടിഞ്ഞാറ്: കോൺക്രീറ്റ് റോഡ്.	ഫിസിക്കൽ	Rs. 37,67,000/- (രൂപ മുപ്പത്തേഴു ലക്ഷത്തി അറുപത്തേഴായിരം മാത്രം)	Rs. 3,76,700/- (രൂപ മൂന്നു ലക്ഷത്തി എഴുപത്താറായിരത്തി എഴുനൂറ് മാത്രം)

മുകളിൽ വിവരിച്ച പ്രകാരം സുരക്ഷിതമായ അസറ്റിനുള്ളിലും അതിനകത്തും കിടക്കുന്ന ഏതെങ്കിലും ജംഗമ വസ്തുക്കൾ/ഹൗസ് ഹോൾഡ് ഇൻവെന്ററി, ലേല വിൽപ്പന അറിയിപ്പിൽ പ്രത്യേകമായി വിവരിച്ചിട്ടില്ലെങ്കിൽ വരെ, സുരക്ഷിത അസറ്റിനൊപ്പം വിൽപ്പനയ്ക്ക് ലഭ്യമാകില്ല. മേൽപ്പറഞ്ഞ പ്രകാരമുള്ള തുകയും പലിശയും ചെലവും (വിൽപ്പനയുടെ വിലയുൾപ്പെടെ) അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അല്ലെങ്കിൽ അത്തരത്തിലുള്ള സുരക്ഷിതമായ കടത്തിന്റെ തുക, പലിശ, ചെലവുകൾ എന്നിവ തൃപ്തിപ്പെടുത്തുന്നതിന് തെളിവ് നൽകുകയോ ചെയ്താൽ വിൽപ്പനയും നിർത്തപ്പെടും. പണം നൽകി. വിൽപ്പനയിൽ, പൊതുവെ പൊതുജനങ്ങളെ അവരുടെ ടെൻഡർ വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. ഈ വിൽപ്പനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് വ്യക്തികളോ, നേരിട്ടോ അല്ലാതെയോ ലേലം വിളിക്കുകയോ, വിറ്റ വസ്തുവിൽ ഏതെങ്കിലും പലിശ വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്യരുത്. 2002 ലെ SARFAESI ആക്ട് പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നിയമങ്ങൾ/ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും വിൽപ്പന. 2025 ഒക്ടോബർ 30ന് ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.00 വരെ 10 മിനിറ്റ് വീതം പരിധിയില്ലാത്ത വിപുലീകരണത്തോടെ https://bankauctions.in എന്ന പോർട്ടലിലൂടെ ഇ-ലേലം നടക്കും. പ്രോപ്പർട്ടി വാങ്ങുന്നതിനായി സമർപ്പിച്ച എല്ലാ ബിഡുകളും "ടാറ്റയ്ക്ക് അനുകൂലമായ ഒരു ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന മുകളിൽ സൂചിപ്പിച്ചതുപോലെ നിരതദ്രവ്യ തുകയ്ക്കൊപ്പം ഉണ്ടായിരിക്കും, ക്യാപിറ്റൽ ലിമിറ്റഡ്" കൊച്ചിയിൽ നൽകണം. വസ്തുവിന്റെ പരിശോധന 2025 ഒക്ടോബർ 17ന് രാവിലെ 11.00 മുതൽ വൈകുന്നേരം 5.00 വരെ നടത്താം. കുറിപ്പ്: ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർ ടാറ്റാ ക്യാപിറ്റൽ ലിമിറ്റഡുമായി +91-8691005238 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാം/ അംഗീകൃത ഓഫീസർ ശ്രീ. രാകേഷ് ഡോണി കൊക്കാട്ട്, ഇമെയിൽ ഐഡി: rakesh.kokkattu@tatacapital.com, മൊബൈൽ നമ്പർ: +91- 6282658079.

വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, സുരക്ഷിത കടക്കാരിൽ നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക. വെബ്സൈറ്റ്, അതായത് http://www.tatacapital.com/content/dam/tata-capital/pdf/e-auction/tcfsl/03rd-e-Auction-Newspaper-Publication-Srajil-Muneer-PK-TCFLA0470000011807556.pdf

സ്ഥലം: കൊച്ചി, കേരളം
തീയതി: 29.09.2025

ഒപ്പ്/- അംഗീകൃത ഓഫീസർ,
ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

ഹൃദ്യാനുഭവമായി വീണ-വേണു-വയലിൻ കച്ചേരി

ശതാബ്ദി ആഘോഷ നിറവിലെത്തിയ എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷങ്ങളുടെ ആറാം ദിനത്തിൽ ടിഡിഎം ഹാളിൽ സൗന്ദര രാജൻ, ഡോ. പി.പത്മേഷ് പരശുറാം, ആറ്റുകാൽ ബാലസുബ്രഹ്മണ്യൻ എന്നിവർ ചേർന്ന് അവതരിപ്പിച്ച വീണ-വേണു-വയലിൻ കച്ചേരി.

കൊച്ചി : എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷങ്ങളുടെ ആറാംദിനത്തിൽ ടിഡിഎം ഹാളിൽ പ്രൊഫ. സൗന്ദര രാജൻ, ഡോ.പി. പത്മേഷ് പരശുറാം, ആറ്റുകാൽ ബാലസുബ്രഹ്മണ്യൻ എന്നിവർ ചേർന്ന് വീണ-വേണു-വയലിൻ കച്ചേരി അവതരിപ്പിച്ചു. ബോംബെ കെ.ബി ഗണേഷ് മൃദംഗം, മങ്ങാട് കെ. പ്രമോദ് ഘടം.

വി-ഗാർഡ് ബിഗ് ഐഡിയ 2025 മത്സര വിജയികളെ പ്രഖ്യാപിച്ചു

കൊച്ചി: ബിസിനസ്, എഞ്ചിനീയറിങ് മേഖലകളിൽ വളർന്നു വരുന്ന യുവ പ്രതിഭകളെ കണ്ടെത്തുന്നതിനായി വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നടത്തിവരുന്ന ബിഗ് ഐഡിയ മത്സരത്തിന്റെ പതിനഞ്ചാം പതിപ്പ് വിജയകരമായി സമാപിച്ചു.

വർഷം തോറും ദേശീയ തലത്തിൽ നടത്തിവരുന്ന ബിഗ് ഐഡിയയുടെ ബിസിനസ്സ് പ്ലാൻ മത്സരത്തിൽ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഭുവനേശ്വറും ടെക്ക് ഡിസൈൻ മത്സരത്തിൽ വിഐടി യൂണിവേഴ്സിറ്റി വെല്ലൂരും ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൊച്ചി റാഡിസൺ ബ്ലൂവിൽ നടന്ന ചടങ്ങിൽ വി-ഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളിയും ഡോ.റീനാ മിഥുൻ ചിറ്റിലപ്പിള്ളിയും വിജയികൾക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. വി-ഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് ഇൻഡിപെൻഡന്റ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ് ചടങ്ങിൽ മുഖ്യാതിഥിയായി.

ബിസിനസ്സ് പ്ലാൻ മത്സരത്തിൽ ഐഐഎം ജമ്മുവിനെ റണ്ണർ അപ്പും ഐഐഎം ലഖ്നൗവിനെ സെക്കൻഡ് റണ്ണർ അപ്പുമായി തിരഞ്ഞെടുത്തു. ഐഐഎം നാഗ്പുർ, ജംനാലാൽ ബജാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്നിവർ പ്രത്യേക ജൂറി പുരസ്കാരങ്ങൾക്കും അർഹരായി. ടെക്ക് ഡിസൈൻ മത്സരത്തിൽ ഐഐടി ഗുവാഹട്ടി റണ്ണർ അപ്പ്, മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി സെക്കൻഡ് റണ്ണർ അപ്പ് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഐഐടി ബി.എച്ച്.യു വാരണാസി, ഐഐടി പാലക്കാട് എന്നിവർ പ്രത്യേക ജൂറി പുരസ്കാരങ്ങളും നേടി.

ബിസിനസ്സ് പ്ലാൻ മത്സരത്തിലെ വിജയികൾക്ക് 3 ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 2 ലക്ഷം രൂപയും മൂന്നാം സ്ഥാനക്കാർക്ക് 1 ലക്ഷം രൂപയുമാണ് സമ്മാനത്തുക. ടെക് ഡിസൈൻ വിഭാഗത്തിലെ വിജയികൾക്ക് ഒന്നര ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 75,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 50,000 രൂപയും സമ്മാനമായി ലഭിച്ചു.

വി-ഗാർഡ് ബിഗ് ഐഡിയ 2025-ലെ മത്സരവിജയികളോടൊപ്പം ഡോ.റീനാ മിഥുൻ ചിറ്റിലപ്പിള്ളി, വി-ഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി, ഇൻഡിപെൻഡന്റ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ്, ഡയറക്ടർ ആൻഡ് സിഒഒ വി രാമചന്ദ്രൻ, ഇ.വൈ.എൽ.എൽ.പി പാർട്ണർ രാജേഷ് നായർ എന്നിവർ.

കാട്ടുപന്നികൾ കപ്പക്കൃഷി നശിപ്പിച്ചു

കോതമംഗലം: കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് ചെങ്ങമനാട്ട് ഷാജു ഏലിയാസിന്റെ കപ്പക്കൃഷി കാട്ടുപന്നിക്കൂട്ടം നശിപ്പിച്ചു. പ്രദേശത്തു കാട്ടാനശല്യത്താൽ പൊറുതിമുട്ടുമ്പോഴാ ണു കിഴങ്ങുവർഗ കൃഷികളെല്ലാം കാട്ടുപന്നികളും നശിപ്പിക്കുന്നത്. കപ്പക്കൃഷി അപ്പാടെ ഉഴുതുമറിച്ചു നശിപ്പിച്ചാണു കാട്ടുപന്നികൾ പോയത്. കൃഷിയിടത്തിനു ചുറ്റും വലിച്ചു കെട്ടിയിരുന്ന നെറ്റ് നശിപ്പിച്ചാണു പന്നികൾ കയറിയത്. മേഖലയിലെങ്ങും കാട്ടുപന്നി ശല്യം രൂക്ഷമാണ്. വന്യമൃഗശല്യം മൂലം കൃഷി ഉപേക്ഷിച്ചു കാടുമൂടിയ പറമ്പുകളും കാട്ടുപന്നികളുടെ ആവാസകേന്ദ്രമാണ്. ജനവാസ പ്രദേശങ്ങളിൽ ഇറങ്ങുന്ന കാട്ടുപന്നികളെ കൊല്ലാനുള്ള ഷൂട്ടർ പാനൽ പഞ്ചായത്തിലുണ്ടെങ്കിലും പന്നികളെ കൊല്ലൽ കാര്യമായി നടക്കുന്നില്ല. ഇതിനായി രാത്രി മണിക്കൂറുകളോളം കാത്തിരിക്കേണ്ടി വരുമെന്നതാണു പ്രശ്നം.

ബാറിൽ തോക്കും വടിവാളുമായി ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികൾ പിടിയിൽ

ബാറിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികൾ പൊലീസ് പിടിയിലായപ്പോൾ

കൊച്ചി: നഗരത്തിലെ ആഡംബര ബാറിൽ തോക്കും വടിവാളുമായി കയറി ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികൾ പൊലീസ് പിടിയിൽ. കടവന്ത്ര പുനക്കത്തൂൻ വീട്ടിൽ സെബിൻ, മുളത്തുരുത്തി മുണ്ടതുകുഴി ബേസിൽ ബാബു, പാലക്കാട് കുട്ടച്ചിറ മേലെത്തലക്കൽ വീട്ടിൽ ഷെബീർ, കൊട്ടാരക്കര ആര്യഞ്ജലി ഹൗസിൽ ആര്യൻ എന്നിവരാണ് എറണാകുളം സെൻട്രൽ പൊലീസിന്റെ പിടിയിലായത്.

ഈ മാസം ഇരുപതാം തീയതി രാത്രി നഗരത്തിലെ ബാറിൽ പരാതിക്കാരനായ കൗൺസിലറുമായി വാക്ക് തർക്കമുണ്ടായി കൗൺസിലറിന്റെ വാക്കുകളിൽ പ്രകോപിതനായ പ്രതികൾ ബാറിനു പുറത്ത് പാർക്ക് ചെയ്തിരുന്ന കാറിൽ നിന്നും തോക്കും വടിവാളും മാരകായുധങ്ങളുമായി ബാറിലേക്ക് ഇടിച്ചു കയറി അക്രമം അഴിച്ചുവിടുകയായിരുന്നു.

വിവരമറിഞ്ഞ് പോലീസ് ഉടൻ സ്ഥലത്തെത്തുകയും ഡിജെ പാർട്ടി നിർത്തുകയും ചെയ്തു. പൊലീസ് കേസ് എടുത്തു എന്നറിഞ്ഞ പ്രതികൾ ഉടൻ തന്നെ നഗരം വിടുകയായിരുന്നു. തുടർന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം സെൻട്രൽ അസി. പൊലീസ് കമ്മീഷണർ സിബി ടോമിന്റെ മേൽനോട്ടത്തിൽ സെൻട്രൽ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ അനീഷ് ജോയിയുടെ നേതൃത്വത്തിൽ ഒരു അന്വേഷണസംഘം രൂപീകരിക്കുകയും പ്രതികൾ സഞ്ചരിച്ച വഴികളിലൂടെ സിസിടിവി ക്യാമറകളും മറ്റും പരിശോധിച്ചു നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ പോലീസ് സംഘം ബാംഗ്ലൂരിൽ നിന്നും അറസ്റ്റ് ചെയ്തത്.

കേരളത്തിലെ പ്രമുഖ ഗുണ്ടയുടെ അനുയായികളാണ് പ്രതികളെന്ന് പോലീസ് സംശയിക്കുന്നു. നഗരത്തിലെ ഗുണ്ട സംഘങ്ങൾക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ അറിയിച്ചു. സിവിൽ പൊലീസ് ഓഫീസർമാരായ അനൂപ് സി,മുബാറക്, ഇ എം ഷാജി സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ഉണ്ണികൃഷ്ണൻ ഹരീഷ് ബാബു പ്രശാന്ത് ബാബു. ദിനൂപ് എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.

വിമുക്തി മിഷൻ പിരിച്ചു വിടണം

കൊച്ചി: എലപ്പുള്ളിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബ്രൂവറി പദ്ധതിയിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് കേരള മദ്യവിരുദ്ധ ഏകോപന സമിതി. യുവതലമുറയെ തച്ചുതകർക്കുന്ന രാസലഹരിക്കെതിരെ പൊതു സമൂഹം ഒരുമിക്കണമെന്ന് കേരള മദ്യ വിരുദ്ധ ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ചാർളി പോൾ, ജില്ല പ്രസിഡൻറ് ഷൈബി പാപ്പച്ചൻ എന്നിവർ പറഞ്ഞു.സർക്കാരിന്റെ വിമുക്തി മിഷൻ പിരിച്ചു വിടണം. ലഭ്യത വർധിപ്പിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുന്നത് സർക്കാരിന്റെ ഇരട്ടത്താപ്പാണെന്ന് ഏകോപന സമിതി ചൂണ്ടിക്കാട്ടി.